- 26 Oct 2021: College Accredited with SAAC ‘A’ Grade
- 

# ബിഷപ് മൂർ കോളജിന് സാക് എ ഗ്രേഡ്

## സാക് അക്രഡിറ്റേഷൻ ലഭിക്കുന്ന ആദ്യ ഉന്നതവിദ്യാഭ്യാസ സ്ഥാപനം

തിരുവനന്തപുരം ● സാക് പിയർ ടീം അസസ്മെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര ബിഷപ് മൂർ കോളജിന് എ ഗ്രേഡ് നൽകാൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഗവേണിങ് ബോഡി യോഗം തീരുമാനിച്ചു. സാക് അക്രഡിറ്റേഷൻ ലഭിക്കുന്ന ആദ്യ ഉന്നതവിദ്യാഭ്യാസ സ്ഥാപനമാണ് ബിഷപ് മൂർ കോളജ്.

ദേശീയതലത്തിൽ നിലവിലുള്ള വിലയിരുത്തൽ മാനദണ്ഡങ്ങൾക്കൊപ്പം, സംസ്ഥാന മാനദണ്ഡങ്ങളും കണക്കിലെടുത്താണ് സാക് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുന്നത്. നാക് മുൻ ഡയറക്ടർ പ്രഫ.രംഗനാഥ ഹന്ന ഗൗഡയുടെ നേതൃത്വത്തിലുള്ള സാക് പിയർ ടീമിന്റെ റിപ്പോർട്ട് അനുസരിച്ചാണു നടപടി.



മാവേലിക്കര ബിഷപ് മൂർ കോളജ് ക്യാംപസ്.

മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകളുടെ മാർഗരേഖയും യോഗം അംഗീകരിച്ചു. പ്രതിമാസം 50,000 മുതൽ ഒരുലക്ഷം രൂപ വരെ 2 വർഷത്തേക്കാണ് ഫെലോഷിപ് നൽകുക.

കൃഷി, ജൈവവൈവിധ്യം, ഡിജിറ്റൽ സാങ്കേതികത, ജനറ്റിക്സ്, കാലാവസ്ഥാ വ്യതിയാനം, കേരളത്തിന്റെ തനതു സംസ്കാരം എന്നീ മേഖലകളിലെ ഗവേഷണത്തിനാണ് ഫെലോഷിപ്. മന്ത്രി ആർ.ബിന്ദുവിന്റെ അധ്യക്ഷതയിൽ ചേർന്ന ഗവേണിങ് ബോഡി യോഗത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഉപാധ്യക്ഷൻ പ്രഫ. രാജൻ ഗുരുക്കൾ, മെംബർ സെക്രട്ടറി ഡോ.രാജൻ വർഗീസ് തുടങ്ങിയവർ പങ്കെടുത്തു.